# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3411

25.06.2012- ൽ മറുപടിക്ക്

### ദുർബല വിഭാഗങ്ങൾക്കുവേണ്ടിയുള്ള ഭവന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ. കെ. ലതിക: | ശ്രീ. കെ. എം. മാണി.<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാന ഭവനനിർമ്മാണ ബോർഡ് ദുർബല വിഭാഗങ്ങൾക്കു വേണ്ടി വിഭാവന ചെയ്തിരുന്ന ഭവന പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ; | (എ) 1. എം.എൻ ലക്ഷംവീട് പുനർനിർമ്മാണ പദ്ധതി<br>2. സുരക്ഷാ ഭവന പദ്ധതി<br>3. സാഫല്യം ഭവന പദ്ധതി.<br>4. കോഴിക്കോട് ബംഗ്ലാദേശ് കോളനിയിലെ കുടുംബങ്ങളുടെ പുനരധിവാസ പദ്ധതി.<br>5. സുനാമി പുനരധിവാസ ഭവന നിർമ്മാണ പദ്ധതി. |
| (ബി) ഈ ഭവന പദ്ധതികൾ ആവിഷ്കരിച്ചത് എപ്പോഴായിരുന്നെന്നും ഇപ്പോൾ പദ്ധതികൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ ? | (ബി) 1.എം.എൻ ലക്ഷംവീട് പുനർനിർമ്മാണ പദ്ധതി<br>1972-ൽ സർക്കാർ നടപ്പിലാക്കിയ ലക്ഷംവീടുകളുടെ പുനരുദ്ധാരണം 2004-ൽ ആരംഭിച്ചു. ഇതിന്റെ പുനർനിർമ്മാണപദ്ധതി 2007-2008 കാലഘട്ടത്തിൽ ആരംഭിച്ചിട്ടുള്ളതാണ്. ഇപ്പോഴത്തെ ലക്ഷ്യം 18489 വീടുകളുടെ പുനർനിർമ്മാണമാണ്. 31.05.2012 വരെ 12405 വീടുകൾക്ക് സബ്സിഡി നൽകുന്നതിനായി 51.95 കോടി രൂപ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 7943 വീടുകളുടെ നിർമ്മാണം ഏറ്റെടുത്തതിൽ 6286 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.<br><br>2. സുരക്ഷാ ഭവന പദ്ധതി<br>നിലവിലുള്ള സുരക്ഷാ ഭവനപദ്ധതി ആവിഷ്ക്കരിച്ചത് 2007 വർഷത്തിലാണ്. 5334 വീടുകൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ 3250 വീടുകൾ ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. |